തർബിയത്ത്

●

ഡോ. സയ്യിദ് മുഹമ്മദ് നൂഹ്

# ധൃതിയുടെ അനന്തരഫലങ്ങൾ

**ധൃതി** മനുഷ്യപ്രകൃതിയിൽ നിലീനമാണ്. "മനുഷ്യൻ വളരെ ധൃതി കാണിക്കുന്ന സൃഷ്ടിയാകുന്നു" (*അൽഅമ്പിയാഅ്* 37). "നന്മ തേടേണ്ടതു പോലെ മനുഷ്യൻ തിന്മയെ തേടുന്നു. അവൻ വലിയ ധൃതിക്കാരനാകുന്നു" (*അൽ ഇസ്റാഅ്* 11). പ്രബോധകൻ ധൃതിയെ ബുദ്ധിയും വിവേകവും കൊണ്ട് മെരുക്കുകയും നിയന്ത്രിക്കുകയും വേണം.

ചില സന്ദർഭങ്ങളിൽ അത്യാവേശവും തിളച്ചുമറിയുന്ന ആദർശബോധവുമാകാം ധൃതിക്ക് നിമിത്തമാകുന്നത്. വിശ്വാസം ഹൃദയത്തിൽ രൂഢമൂലമായാൽ ചിന്തയെയും വികാരത്തെയും ഉദ്ദീപിപ്പിച്ച് അത് കർമമണ്ഡലത്തിലേക്ക് വ്യക്തിയെ തള്ളിവിടും. ചിലപ്പോൾ അത് ഉപകാരത്തേക്കാൾ ഉപദ്രവമുണ്ടാക്കും. മക്കാ ജീവിത ഘട്ടത്തിൽ ക്ഷമ കൈക്കൊള്ളാനും സഹിക്കാനും നബിക്ക് അല്ലാഹു നൽകിയ ഉപദേശം ഓർക്കുക: "ജനത്തിന്റെ ജൽപനങ്ങൾ ക്ഷമിക്കുക. മാന്യതയോടെ അവരിൽനിന്ന് അകന്നു നിൽക്കുക" (*അൽമുസ്സമ്മിൽ* 10). "ക്ഷമയവലംബിക്കുക. അല്ലാഹുവിന്റെ വാഗ്ദാനം തീർച്ചയായും സത്യമാകുന്നു. ദൃഢവിശ്വാസമില്ലാത്ത ജനം താങ്കളെ ഒരിക്കലും ദുർബലനായി കാണാതിരിക്കട്ടെ" (*അർറൂം* 60).

വേഗത ഈ കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. വളരെ വേഗം ലോകത്തിന്റെ ഒരറ്റത്തുനിന്ന് മറ്റേയറ്റത്തേക്ക് എത്താൻ കഴിയുന്നവിധം ഗതാഗത സൗകര്യം വർധിച്ചു. ഇന്ന് തറക്കല്ലിടുന്ന വീട്ടിൽ ദിവസങ്ങൾക്കകം താമസിക്കാൻ പറ്റുന്ന വിധം സാങ്കേതിക വിദ്യ വളർന്നിരിക്കുന്നു. ഇങ്ങനെ മനുഷ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും ആവേശിച്ച വേഗതയോടൊപ്പം തങ്ങളുടെ പ്രവർത്തനങ്ങളും ഓടിയെത്തണമെന്ന വിചാരമായിരിക്കും ചില ഘട്ടങ്ങളിൽ പ്രബോധകനെ ധൃതിയിലേക്ക് നയിക്കുക.

ചുറ്റിലും അധാർമികതയുടെ അഴിഞ്ഞാട്ടം കാണുമ്പോൾ, അതിനെ ചെറുക്കാൻ അവലംബിക്കേണ്ട രീതിയെക്കുറിച്ച പിടിപ്പുകേടും ധൃതിയിൽ കൊണ്ടെത്തിക്കും. തിന്മയെ പ്രതിരോധിക്കുകയും അധർമത്തെ തുടച്ചുനീക്കുകയും വേണം. ഇല്ലെങ്കിൽ

ഭൂമി വിനാശത്തിന്റെ വിളനിലമാവും. "ഇപ്രകാരം അല്ലാഹു ഓരോ ജനതയെയും മറ്റു ജനങ്ങളാൽ നീക്കിക്കളയുന്നില്ലെങ്കിൽ ഭൂലോകം അമ്പേ താറുമാറാകുമായിരുന്നു" (*അൽബഖറ* 251). "അല്ലാഹു ജനങ്ങളിൽ ഒരു വിഭാഗത്തെ മറ്റൊരു വിഭാഗത്തെ ക്കൊണ്ട് പ്രതിരോധിച്ചുക്കൊണ്ടിരുന്നില്ലായിരുന്നുവെങ്കിൽ അല്ലാഹുവിന്റെ നാമം ധാരാളമായി സ്മരിക്കപ്പെടുന്ന മഠങ്ങളും ചർച്ചുകളും പ്രാർഥനാലയങ്ങളും പള്ളികളും തകർക്കപ്പെട്ടുപോകുമായിരുന്നു. അല്ലാഹുവിനെ സഹായിക്കുന്നവരെ അവൻ സഹായിക്കുക തന്നെ ചെയ്യും" (*അൽഹജ്ജ്* 40).

നബി(സ) അരുളി: "നിങ്ങളിലാരെങ്കിലും ഒരു നിഷിദ്ധം കണ്ടാൽ അത് തന്റെ കൈകൊണ്ട് (ശക്തി ഉപയോഗിച്ച്) തടയട്ടെ. അതിന് കഴിഞ്ഞില്ലെങ്കിൽ തന്റെ നാവു കൊണ്ട്. അതിനും കഴിഞ്ഞില്ലെങ്കിൽ തന്റെ ഹൃദയം കൊണ്ട് (വെറുക്കുകയെങ്കിലും ചെയ്യട്ടെ). അത് ഈമാനിന്റെ ഏറ്റവും ദുർബലമായ പടിയാണ്" (മുസ്‌ലിം). "അല്ലാഹുവിന്റെ അതിരുകൾ സൂക്ഷ്മതയോടെ പാലിക്കുന്നവരുടെയും അതിരുകൾ അതിലംഘിച്ച് സ്വൈര വിഹാരം നടത്തുന്നവരുടെയും ഉപമ: കപ്പലിൽ നറുക്കിട്ട സഞ്ചാരികൾ. ചിലർ അതിന്റെ മുകൾതട്ടിൽ. ചിലർക്ക് അടിത്തട്ടിലാണ് ഇടം കിട്ടിയത്. അടിത്തട്ടിലുള്ളവർക്ക് കുടിവെള്ളത്തിന് മുകൾതട്ടിലുള്ളവരെ കടന്നുപോകണമായിരുന്നു. അടിത്തട്ടിലുള്ളവർ ആലോചിച്ചു. നമ്മുടെ ഈ ഭാഗത്ത് ഒരു ദ്വാരമുണ്ടാക്കിയാൽ മുകൾ തട്ടിലുള്ളവരെ ഉപദ്രവിക്കാതെ കഴിയാമല്ലോ. താഴെ തട്ടിലുള്ളവരെ ദ്വാരമുണ്ടാക്കാൻ വിട്ടിരുന്നുവെങ്കിൽ അവർ ഒന്നാകെ നശിച്ചേനെ. അവരെ തടഞ്ഞിരുന്നുവെങ്കിൽ അവരെല്ലാവരും രക്ഷപ്പെടുകയും ചെയ്യും" (ബുഖാരി). എന്നിരുന്നാലും എല്ലാ തിന്മയും ഉടനടി തടയേണ്ടതല്ല. ഒരു തിന്മ തടയുന്നത് അതിനേക്കാൾ വലിയ തിന്മക്ക് വഴിവെച്ചാവരുത്. വലിയ തിന്മക്ക് വഴിവെക്കുമെങ്കിൽ തടയാൻ മുതിരരുത്. തിന്മ നിഷ്കാസനം ചെയ്യാനുള്ള ഏറ്റവും വിജയകരമായ വഴികൾ ആലോചിച്ചുകൊണ്ടിരിക്കുകയും പറ്റിയ സന്ദർഭം കൈവന്നാൽ അതിനെതിരിൽ അണിനിരക്കുന്നവരുടെ മുൻനിരയിൽ ഒന്നാമനായി ഉണ്ടാവുകയും വേണം.

നബി(സ)യുടെ ചരിത്രത്തിൽ ഇതിന് നിരവധി ഉദാഹരണങ്ങളുണ്ട്. മുഹമ്മദ് പ്രവാചകനായി നിയോഗിക്കപ്പെടുന്ന വേളയിൽ കഅ്ബയുടെ അകത്ത് നിറയെ വിഗ്രഹങ്ങളായിരുന്നു. ഹിജ്റ എട്ടാം വർഷം മക്കാ വിജയ വേളയിൽ അവ നീക്കുന്നത് വരെ ആ ബിംബങ്ങളത്രയും കഅ്ബക്കുള്ളിൽ തന്നെയായിരുന്നു. കഅ്ബക്ക് അകത്തു നിന്ന് വിഗ്രഹങ്ങൾ നീക്കുന്നതിനു മുമ്പ് അവരുടെ ഹൃദയങ്ങളിൽനിന്നാണ് അവയെ നീക്കേണ്ടതെന്ന് നബിക്ക് ഉറച്ച ബോധ്യമുണ്ടായിരുന്നു. ആദ്യമേ അവയെ തകർക്കാൻ മുതിർന്നിരുന്നുവെങ്കിൽ, വർണാഭമായി സർവ മോടിയോടെയും അത് പുനർനിർമിക്കാനാണവർ ഒരുമ്പെടുക. നിലവിലുള്ളതിനേക്കാൾ ദ്രോഹമാണ് അത് വരുത്തിവെക്കുക. ഹൃദയങ്ങളെ സംസ്കരിക്കുകയും ശുദ്ധീകരിക്കുകയും വിഗ്രഹാരാധനക്കെതിരായ മനസ്സ് വളർത്തുകയും ചെയ്യുന്നതിലാണ് നബി(സ) ശ്രദ്ധയൂന്നിയത്.

ഒരിക്കൽ പത്നി ആഇശ(റ)യോട് നബി(സ) പറഞ്ഞു: "നിന്റെ കൂട്ടക്കാർ കഅ്ബ പണിതുയർത്തിയപ്പോൾ ഇബ്റാഹീം നബി(അ) നിർമിച്ച അടിത്തറ ഗൗനിക്കാതെ അത് ചെറുതാക്കിക്കളഞ്ഞു". അപ്പോൾ ആഇശ പ്രതിവചിച്ചു: "അല്ലാഹുവിന്റെ ദൂതരേ! ഇബ്റാഹീം നബി പണിത അടിത്തറയിൽ അത് പുനർനിർമിച്ചു കൂടേ അങ്ങേക്ക്?" നബിയുടെ മറുപടി: "നിന്റെ കൂട്ടക്കാർ കുഫ്ർ കൈയൊഴിച്ച് ഇപ്പോൾ ഇസ്‌ലാമിലേക്ക് വന്നവരല്ലായിരുന്നുവെങ്കിൽ ഞാനങ്ങനെ ചെയ്തേനെ!"

ഇബ്റാഹീം നബി നിർമിച്ച അടിത്തറയിൽ കഅ്ബ മാറ്റിപ്പണിയാൻ മുതിർന്നാൽ, കൂടുതൽ ആപത്കരമായ ഭിന്നിപ്പിലേക്കും ശൈഥില്യത്തിലേക്കും എത്തിച്ചേരുമോ എന്ന ആശങ്കയായിരുന്നു നബി(സ)ക്ക്. അതിനാൽ നബി(സ) ആ ശ്രമം ഉപേക്ഷിച്ചു. താൻ തടയാൻ ഉദ്ദേശിക്കുന്ന തിന്മയേക്കാൾ വലിയ ദൂഷ്യങ്ങൾക്ക് തന്റെ നടപടി വഴിവെച്ചേക്കുമോ എന്ന ആലോചന പ്രവർത്തകർക്കും പ്രബോധകർക്കും വേണം.

പ്രബോധന മാർഗത്തിൽ വന്നു ഭവിക്കുന്ന ക്ലേശങ്ങളും പ്രയാസങ്ങളും സഹിക്കാനും അതിജയിക്കാനുമുള്ള പ്രാപ്തിക്കുറവും എടുത്തു ചാട്ടങ്ങൾക്ക് കാരണമാവാറുണ്ട്. ചില പ്രവർത്തകർക്ക് ആവേശവും ഉത്സാഹവും താൽക്കാലികമായിരിക്കും. തൽക്കാലത്തേക്കുള്ള ചില പ്രവർത്തനങ്ങൾ പൂർത്തീകരിച്ചു കഴിയുന്നതോടെ അവരുടെ ആവേശം കെട്ടടങ്ങും. ദീർഘകാലാടിസ്ഥാനത്തിൽ പ്രയത്നവും സഹനവും ആവശ്യമായി വരുന്ന രംഗങ്ങളിൽനിന്ന് അവർ വിട്ടുനിൽക്കും. യഥാർഥത്തിൽ ജീവിതാന്ത്യം വരെ നിലനിൽക്കേണ്ട കർമാവേശമാണ് ഉണ്ടാവേണ്ടത്. ഇസ്‌ലാമിക പ്രസ്ഥാനങ്ങളുടെ ഗതകാല ചരിത്രത്തിൽ ഈ രണ്ട് മനോഭാവങ്ങൾക്കും ഉദാഹരണങ്ങൾ കാണാം.

പ്രവർത്തകരുടെ ഊർജം ചെലവിടാൻ തക്ക കർമരംഗങ്ങളും പരിപാടികളും ഇല്ലാതിരിക്കുമ്പോഴും ധൃതിപിടിച്ച എടുത്തുചാട്ടങ്ങൾ സംഭവിക്കാം. മനുഷ്യന്റെ അന്തരംഗം നിർമാണപരവും സർഗാത്മകവുമായ കാര്യങ്ങളിൽ വ്യാപൃതമാവുന്നില്ലെങ്കിൽ സംഹാരാത്മകമായ സാഹസികതകൾക്ക് അവിടെ ഇടം ലഭിക്കും. വിശ്വാസികളുടെ ജീവിതം സമയബന്ധിതമായി ക്രമീകരിച്ച ഇസ്‌ലാമികാധ്യാപനങ്ങളുടെ പൊരുൾ തേടേണ്ടത് ഇവിടെയാണ്. രാപകലുകൾ, ആഴ്ച, മാസം, വർഷം, ആയുഷ്കാലം എന്നീ ക്രമങ്ങളിൽ ആരാധനാ കർമങ്ങൾ ചിട്ടപ്പെടുത്തി ജീവിതത്തെ കർമബഹുലമാക്കിയ ഇസ്‌ലാം, മനുഷ്യനെ നിഷ്ക്രിയനാകാൻ വിടുന്നില്ല. നബി(സ) അരുൾ ചെയ്തു: "മുസ്‌ലിംകളുടെ ഭരണ ഭാരം വഹിക്കുന്ന ഒരു നേതാവ്, അവരെ ക്ലേശിപ്പിക്കാതെയും അവരോട് ഗുണകാംക്ഷാപൂർവം ഇടപെട്ടും ഉത്തരവാദിത്വം നിറവേറ്റിയാൽ അയാളും അവരോടൊപ്പം സ്വർഗത്തിൽ പ്രവേശിച്ചതുതന്നെ" (ബുഖാരി).

അനുഭവ സമ്പത്തില്ലായ്മ കൊണ്ടും ധൃതി സംഭവിക്കാം. മനുഷ്യൻ പിറന്നുവീഴുന്നത് ഒന്നിനെക്കുറിച്ചും അറിവില്ലാതെയാണ്. "അല്ലാഹു നിങ്ങളെ മാതാക്കളുടെ ഉദരങ്ങളിൽനിന്ന് പുറത്തു കൊണ്ടുവന്നു; നിങ്ങൾക്ക് യാതൊന്നും അറിഞ്ഞുകൂടാത്ത അവസ്ഥയിൽ" (*അന്നഹ്ൽ* 78). പിന്നീട് പഞ്ചേന്ദ്രിയങ്ങൾ ഉപയോഗപ്പെടുത്തിയും പഠിച്ചും അഭ്യസിച്ചും അറിവ് കരസ്ഥമാക്കുകയാണവൻ. ഗ്രന്ഥങ്ങൾ മാത്രമല്ല അറിവിന്റെ ഉറവിടം. മുൻഗാമികളുടെ അനുഭവങ്ങളിൽനിന്ന് പാഠമുൾക്കൊണ്ട് അവൻ ജ്ഞാനം തേടുന്നുണ്ട്. ഈ വശം അവഗണിച്ച് ഔദ്ധത്യപൂർവം പെരുമാറുകയും മുമ്പെ ഗമിച്ചവരുടെ അനുഭവങ്ങൾക്ക് വിലകൽപിക്കാതിരിക്കുകയും ചെയ്യുമ്പോൾ വീഴ്ചകൾ സംഭവിക്കും. ധൃതി പിടിച്ച നടപടികൾ അതിൽ ഒന്നു മാത്രം.

പണ്ഡിതന്മാരെയും സദ്വൃത്തരായ മുതിർന്നവരെയും ഉൽകൃഷ്ട വ്യക്തിത്വങ്ങളെയും ആദരിക്കണമെന്ന ഇസ്‌ലാമിന്റെ ശാസനയുടെ പൊരുളും ഇതാവാം. നബി(സ) പഠിപ്പിച്ചു: "അല്ലാഹുവിന്റെ ഗ്രന്ഥം നന്നായി ഓതാൻ കഴിയുന്നവരാവണം ഒരു കൂട്ടർക്ക് ഇമാം നിൽക്കേണ്ടത്. ഖുർആൻ പഠനത്തിലും പാരായണത്തിലും തുല്യരാണെങ്കിൽ സുന്നത്ത് നന്നായി അറിയുന്നവർക്കാണ് മുൻഗണന. അതിലും തുല്യരാണെങ്കിൽ ഹിജ്റ പോയവർ ആരാണെന്ന് നോക്കണം. ഹിജ്റയിലും തുല്യ

രാണെങ്കിൽ ആരാണാദ്യം ഇസ്‌ലാമിൽ വന്നതെന്ന് പരിഗണിക്കണം. ഒരാളും അധികാരം ഉപയോഗിച്ച് ഇമാം നിൽക്കരുത്. അയാളുടെ വീട്ടിൽ അയാളുടെ പ്രത്യേക ഇരിപ്പിടത്തിൽ അയാളുടെ അനുമതിയില്ലാതെ ഇരിക്കാനും പാടില്ല" (മുസ്‌ലിം).

മുൻഗാമികൾക്ക് നീണ്ട ജീവിതയാത്രയിൽ ഉണ്ടായ അനുഭവങ്ങൾ പിൻഗാമികൾ സാധനാപാഠമാക്കണമെന്ന നിർദേശമാണ് ഇതിലുള്ളത്. പ്രപഞ്ചത്തിന്റെയും മനുഷ്യന്റെയും സൃഷ്ടിയിലും നിയമനിർമാണത്തിലും അല്ലാഹുവിന്റെ നടപടിക്രമത്തെയും രീതിയെയും കുറിച്ച് ധാരണയില്ലായ്മയും ധൃതിക്ക് കാരണമാവാം. ആകാശഭൂമികളെ ആറു ദിവസങ്ങളിലായും മനുഷ്യനെയും ജന്തുക്കളെയും സസ്യങ്ങളെയും പല ഘട്ടങ്ങളിലുമായാണ് അല്ലാഹു സൃഷ്ടിച്ചതെന്നോർക്കുക. ■

സ്വതന്ത്രാഖ്യാനം: പി.കെ ജമാൽ